പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 79</u>  07.08.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ശബരിമലയിൽ ഗ്രീൻഫീൽഡ് വിമാനത്താവളം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, കെ.മുരളീധരൻ<br>,, വി.എസ്.ശിവകുമാർ<br>,, അടൂർ പ്രകാശ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ശബരിമലയിൽ ഗ്രീൻഫീൽഡ് വിമാനത്താവളം സ്ഥാപിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ്; | (എ) യും (ബി) യും (സി) യും | ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം നിർമ്മിക്കുന്ന വിമാനത്താവളം കാഞ്ഞിരപ്പള്ളി താലൂക്കിൽ ഹാരിസൺ പ്ലാന്റേഷന്റെ ചെറുവള്ളി എസ്റ്റേറ്റിൽ സ്ഥാപിക്കുന്നതിന് മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പ് സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിച്ച റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം കൈക്കൊണ്ടത്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്. ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | സ്ഥലം ഏറ്റെടുപ്പ് സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിച്ച റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; സമിതിയുടെ ശിപാർശകൾ എന്തൊക്കെയാണ്; | | |
| (സി) | ചെറുവള്ളി എസ്റ്റേറ്റ് ഏറ്റെടുക്കുവാൻ സമിതി ശിപാർശ ചെയ്തിട്ടുണ്ടോ; മന്ത്രിസഭ പ്രസ്തുത ശിപാർശ അംഗീകരിച്ചിട്ടുണ്ടോ; | | |
| (ഡി) | പ്രസ്തുത എസ്റ്റേറ്റ് ആരുടെ ഉടമസ്ഥതയിലുള്ളതാണ്; കുത്തക പാട്ടത്തിന് നൽകിയ ഈ എസ്റ്റേറ്റ് കാലാവധി കഴിഞ്ഞതിനാൽ ഏറ്റെടുക്കണമെന്ന് രാജമാണിക്യം അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ ശിപാർശ നൽകിയിട്ടുണ്ടോ; | (ഡി) യും (ഇ) യും (എഫ്) ഉം | ഹാരിസൺ മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡ് സ്വാതന്ത്ര്യത്തിനു മുമ്പ് കൈവശം വച്ചിരുന്നതും 2005 ൽ സ്വകാര്യ വ്യക്തിക്ക് വിൽപ്പന നടത്തുകയും ഭൂസംരക്ഷണ നിയമപ്രകാരം നിയമിതനായ സ്പെഷ്യൽ ഓഫീസറുടെ 28.05.2015 ലെ ഉത്തരവിൻ പ്രകാരം സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ള പ്രസ്തുത എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ കേസ് നിലവിലുണ്ട്. |
| (ഇ) | 2015 മെയ് 28 ന്, ഭൂമി ഏറ്റെടുക്കുവാൻ സർക്കാർ തീരുമാനിച്ചിരുന്നോ; | | |
| (എഫ്) | ഹൈക്കോടതിയിൽ സർക്കാർ തീരുമാനത്തിനെതിരെ കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ കേസിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ